**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

**ചെങ്ങോട്ടുകാവ് ഗ്രാമ പഞ്ചായത്ത്**

**ഓഡിറ്റ് റിപ്പോർട്ട് 2018-19**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്**

e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.8/1871/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഇ-മെയിൽ-dokkd.ksad@kerala.gov.in

ഫോൺ: 04952371012

തീയതി – 18.11.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെങ്ങോട്ടുകാവ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെങ്ങോട്ടുകാവ് ഗ്രാമ പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.8/1871/2019 തീയതി 18.11.2019

**കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2018 മുതൽ 26.10.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എം. വാസുദേവൻ,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.10.2019 മുതൽ 29.10.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ.സതീഷ് കുമാർ | ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ) |
| | ശ്രീ. ശ്യാംജിത്ത്.എം | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഷിനിത്ത്.എ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. അഫ്സൽ.ടി.എം | ഓഡിറ്റർ |
| | ശ്രീ. ഷിബിൻ.കെ.എസ് | ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കരുണാകരൻ കുമുള്ളി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി. ബിന്ദു.പി.എസ് | 01.04.2018 മുതൽ 04.04.2018 വരെ |
| | ശ്രീ. സുമേഷ്.കെ | 05.04.2018 മുതൽ 31.03.2019 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീമതി. ബിന്ദു.ഇ | 01.04.2018 മുതൽ 09.10.2018 വരെ |
| | ശ്രീ. ഫൗലാദ്.എ.എഫ് | 10.10.2018 മുതൽ 31.03.2019 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി. ദീപ.ടി.എ | 01.04.2018 മുതൽ 20.06.2018 വരെ |
| | ശ്രീ. മുരളീധരൻ.ഒ | 21.06.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. വിദ്യാബാബു | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ. ആര്യാരാജ് | 01.04.2018 മുതൽ 11.09.2018 വരെ |
| | ഡോ. ഷബ്ന.എൻ.കെ | 12.09.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ. സിന്നീഷ് | 01.04.2018 മുതൽ 01.07.2018 വരെ |
| | ഡോ. വിദ്യാബാലകൃഷ്ണൻ | 02.07.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. എം.സുനിൽകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ആരിഫ.കെ | 01.04.2018 മുതൽ 03.07.2018 വരെ |
| | ശ്രീമതി. ഗിരിജ.കെ | 04.07.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. സജിത | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. സ്മിത | 01.04.2018 മുതൽ 31.03.2019 വരെ |
| | ശ്രീ. ഷാജു.ബി | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. പി.കെ.സുരേന്ദ്രൻ മാസ്റ്റർ | 01.04.2018 മുതൽ 01.06.2018 വരെ |
| | ശ്രീ. രവീന്ദ്രൻ വള്ളിൽ | 02.06.2018 മുതൽ 31.03.2019 വരെ |
| ഫിഷറീസ് ഓഫീസർ | ശ്രീ. പ്രഭാകരൻ | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നമ്പർ | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ആഭ്യന്തരനിയന്ത്രണം | 1-5 |
| 6 | വാർഷികകണക്കുകളിലെ അപാകതകൾ | 1-6 |
| 7 | ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല | 1-7 |
| 8 | തൊഴിൽ നികുതി-അപാകതകൾ | 1-8 |
| 9 | ഇ.എം.എസ് ഹാൾ വൈദ്യുതീകരണം - പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചില്ല | 1-9 |
| 10 | പൂർത്തീകരണം വൈകിയ പൊതുമരാമത്ത് പ്രവൃത്തികളിൽ പിഴ ഈടാക്കിയില്ല | 1-10 |
| 11 | എസ്റ്റിമേറ്റ് പുതുക്കിയെങ്കിലും കോസ്റ്റ് ഇൻഡക്സിൽ വന്ന കുറവ് കണക്കിലെടുത്തില്ല – പഞ്ചായത്തിന് നഷ്ടം | 1-11 |
| 12 | മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു | 1-12 |
| 13 | ആയുർവേദ മരുന്നുകൾ ലഭ്യമായില്ല | 1-13 |
| 14 | കോസ്റ്റ് ഇൻഡക്സിൽ വന്ന കുറവ് കണക്കിലെടുത്ത് എസ്റ്റിമേറ്റ് പുതുക്കാതെ പ്രോജക്ടുകൾ നടപ്പാക്കി | 1-14 |
| 15 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് അനധികൃത പൊതുമരാമത്ത് പ്രവൃത്തി | 1-15 |
| 16 | അനേകം പൊതുമരാമത്ത് പ്രോജക്ടുകൾ നടപ്പായില്ല – വകയിരുത്തിയ തുകകൾ പാഴായി | 1-16 |
| 17 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്-ആവശ്യമായ ഫണ്ട് വകയിരുത്തിയില്ല | 1-17 |
| 18 | പി.എച്ച്.സി-മരുന്നുകൾ ലഭ്യമായില്ല | 1-18 |
| 19 | അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ പൊതു അപാകതകൾ | 1-19 |
| 20 | സമ്പൂർണ്ണ പാർപ്പിടം - ലൈഫ് മിഷൻ പദ്ധതിയിൽ വി.ഇ.ഒ. നടപ്പിലാക്കിയ പദ്ധതികൾ | 1-20 |
| 21 | ഹരിതകേരളം ശുചിത്വ-മാലിന്യ സംസ്കരണം മേഖലയിൽ വി.ഇ.ഒ. നടപ്പിലാക്കിയ പദ്ധതികൾ | 1-21 |
| | **ഭാഗം 3**<br>**ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 22 | പൂർത്തീകരണം വൈകിയ പൊതുമരാമത്ത് പ്രവൃത്തികളിൽ പിഴ ഈടാക്കിയില്ല | 3-1 |
| 23 | എസ്റ്റിമേറ്റ് പുതുക്കിയെങ്കിലും കോസ്റ്റ് ഇൻഡക്സിൽ വന്ന കുറവ് കണക്കിലെടുത്തില്ല – പഞ്ചായത്തിന് നഷ്ടം | 3-2 |
| | **ഭാഗം 4**<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 24 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 25 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 26 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| 28 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 29 | സ്ഥിര നിക്ഷേപം | 4-6 |
| 30 | ഓഡിറ്റ് റിക്കവറി | 4-7 |
| 31 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 32 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 07.03.2018 ലെ 44/18 ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 11.02.2019 ലെ 26/19 ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 25.05.2019 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19.07.2019- 20.07.2019 | കെ.എസ്.എ.കെ.കെ.ഡി.ഇ2./887/2019 (12) തീയതി 27.07.2019 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4503807.72 |
| വരവ് | 62854335.00 |
| ആകെ | 67358142.72 |
| ചെലവ് | 57210641.00 |
| നീക്കിയിരിപ്പ് | 10147501.72 |

## 1-5 ആഭ്യന്തരനിയന്ത്രണം

ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഏറെക്കുറെ വിജയിച്ചിട്ടുണ്ട്.

വിശദമായ ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ മേൽ ചുമതലകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധന നടത്തിയിട്ടില്ല. നികുതി പിരിവ് പുരോഗതിക്കായി ചുമതലകൾ വിഭജിച്ചു നൽകുകയും കൃത്യമായി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. ക്യാഷ് കൈകാര്യം ചെയ്യുന്ന വിഭാഗത്തിലേക്ക് മറ്റുള്ളവരുടെ പ്രവേശനം നിയന്ത്രിക്കുന്നതിനുള്ള സംവിധാനമുണ്ട്. പൗരാവകാശ രേഖ പുതുക്കിയിട്ടുണ്ട്.

## 1-6 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ താഴെപ്പറയുന്നവ പരിഹരിക്കാൻ അവശേഷിക്കുന്നു.

1. അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ സംബന്ധിച്ചുള്ള കുറിപ്പുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.
2. ആസ്തിരജിസ്റ്റർ കാലികമാക്കാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-7 ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി പ്രസിഡന്റ് ഒരു മുൻ തിയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2018-19 വർഷത്തിൽ ചെങ്ങോട്ടുകാവ് ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 297 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2018 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 184 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്.

സഞ്ചയ പ്രകാരം പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1149 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 297 പേർ മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്. ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗപ്പെടുത്താനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്നു എന്നതിനോടൊപ്പം ഇത് ചട്ടലംഘനവുമാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി

സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്.

മറ്റ് അപാകതകൾ

1. 2018-19 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ഡി&ഒ ലൈസൻസ് അപേക്ഷകളിൽ മുഴുവൻ വിവരങ്ങളും അപേക്ഷകൻ രേഖപ്പെടുത്തുന്നില്ല. അപേക്ഷകളിൽ ആവശ്യമായ ഫീൽഡ് അന്വേഷണം നടത്തിയതിന് ശേഷമാണ് ലൈസൻസ് അനുവദിക്കുന്നതെന്നും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-8 തൊഴിൽ നികുതി-അപാകതകൾ

i) സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 1149 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്.2018-19 വർഷത്തിൽ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങളില്ല. അതായത് 1149 കെട്ടിടങ്ങൾ നിലവിൽ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നവയാണ്. ഓഡിറ്റ് വർഷത്തെ ഡി. & ഒ. ലൈസൻസ് രജിസ്റ്റർ പ്രകാരം 297 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ഡി & ഒ ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 355 ആണ്.

ട്രേഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല നികുതി കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ്.

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി പിരിവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ മേൽ അപാകതകൾക്ക് കാരണമായി. ഡി&ഒ ലൈസൻസ് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ബാധകമാക്കണമെന്നും അതുവഴി തൊഴിൽ നികുതി വരുമാനം കൂടി വർദ്ധിപ്പിക്കാമെന്നും സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ചചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വിശദമായ അജണ്ട ചർച്ച ചെയ്യുകയോ നിർദ്ദേശങ്ങൾ നല്കുകയോ ചെയ്തിട്ടില്ലെന്ന് മിനിട്സ് വ്യക്തമാക്കുന്നുണ്ട്.

ii)തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല

ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | വാർഡ് / കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 13/481 | ന്യൂ ഹോട്ടൽ | 4 |
| 2 | 13/93 | ഫ്രണ്ട്സ് ഫർണിച്ചർ | 2 |
| | | | |

| | | | |
|---|---|---|---|
| 3 | 12/294 | ഹയാത്ത് റസ്റ്റോറന്റ് & കൂൾബാർ | 12 |
| 4 | 13/75 | കല മെറ്റൽസ് | 2 |
| 5 | 1/96 എ | പ്രമീള ബേക്സ് | 3 |
| 6 | 13/333 എ | ബിൽഡർ ഗാർഡ് | 4 |
| 7 | 12/253 | തുഷാര ഹോട്ടൽ | 3 |
| 8 | 2/15 | മലബാർ കാർ ഗ്യാരേജ് | 2 |
| 9 | 1/217 ബി | റോയൽ ട്രീറ്റ് മെസ് ഹൗസ് | 3 |
| 10 | 6/241 എ | കീർത്തന പവർബേക്കറി | 5 |
| 11 | 7/126 | ബി.പി.ഫർണിച്ചർ | 2 |
| 12 | 13/56 ബി | ബാഫഖി അസോസിയേറ്റ്സ് | 2 |
| 13 | 13/498 | എസ്.ജി.മാർട്ട് | 2 |
| 14 | 6/240 | റോയൽ വുഡ് വർക്സ് | 2 |
| 15 | 7/337എ | അന സ്റ്റീൽ ഫർണിച്ചർ | 2 |
| 16 | 13/450എ | വീവൺ ഫർണിച്ചർ | 2 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ജീവനക്കാരന്റെ പേര്, അർദ്ധവാർഷിക വരുമാനം, ഈടാക്കിയ നികുതി, രസീത് നം, തീയതി സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

iii)<u>അർദ്ധവാർഷിക വരുമാന പത്രികകളിൽ ശമ്പളത്തിന്റെ വിവരങ്ങൾ പൂർണ്ണമല്ല</u>

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 204, 205 വകുപ്പുകളിലേയും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം നിർണ്ണയിച്ചതു കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. അടിസ്ഥാന ശമ്പളം, ക്ഷാമ ബത്ത, സ്പെഷ്യൽ പേ, അവധി വേതനം, ഉത്സവ ബത്ത, മറ്റു അലവൻസ് എന്നിവയുടെ ആറ് മാസത്തെ ആകെ തുക അർദ്ധവാർഷിക വരുമാന കോളത്തിൽ രേഖപ്പെടുത്തിയ ശേഷമാണ് തൊഴിൽ നികുതി സ്ലാബ് നിർണ്ണയിക്കേണ്ടത്.ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽ നികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട മുഴുവൻ ശമ്പള വിവരങ്ങളും നൽകാത്ത സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1) വെറ്റിനറി ഡിസ്പൻസറി, ചെങ്ങോട്ടുകാവ്

2) സി.എം. ഐസ് പ്ലാന്റ്

3) ഹാപ്ബ്കോ മോട്ടോർ സൈക്കിൾസ് പ്രൈവറ്റ് ലിമിറ്റഡ്

4) ആപ്കോ വെഹിക്കൾസ്

5) സ്പോട്ട് ഗ്രീൻ ആഗ്രോ പ്രോഡക്ട്സ്

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

1) വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്.റിട്ടേൺ പ്രകാരം കാണിക്കുന്ന വരുമാനത്തിന്റെ കൃത്യത ആവശ്യമെങ്കിൽ ലൈസൻസ് അപേക്ഷയ്ക്കൊപ്പം (ലൈസൻസ് നല്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ) ലഭ്യമാകുന്ന കരാറിലെ വാടക സംബന്ധിച്ച വിവരവുമായി ഒത്തുനോക്കി ഉറപ്പാക്കാവുന്നതാണ്.

2) എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നൽകേണ്ടതും , ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്. നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് അറിയിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ എല്ലാ അർദ്ധ വർഷത്തിന്റെയും തുടക്കത്തിൽ ഈ പ്രക്രിയ തുടരേണ്ടതാണ്.

3) തൊഴിലുടമയോടോ ,അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

4) ട്രേഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

5) മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

2019-20 വർഷത്തിന്റെ രണ്ടാം അർദ്ധവർഷം മുതൽക്കുതന്നെ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടപ്പിലാക്കുകയും ഇത് സംബന്ധിച്ച റിപ്പോർട്ട് ഹാജരാക്കുകയും ചെയ്യേണ്ടതാണ്.

# 1-9 ഇ.എം.എസ് ഹാൾ വൈദ്യുതീകരണം - പൊതുമരാമത്ത് മാനവൽ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിന്റെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 32/19 |
| പ്രോജക്ട് | ഇ.എം.എസ് ഹാൾ വൈദ്യുതീകരണം |
| ചെലവഴിച്ച തുക | 157259 രൂ |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഭാഗം |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 27 , 21.3.19 , 157259 രൂ |
| എഗ്രിമെന്റ് നമ്പർ , തിയ്യതി | 11/18-19 , തിയ്യതി 28.12.18 |
| കരാറുകാരൻ | കെ.ജയപ്രകാശൻ , കീഴ്പടത്തിൽ , കുന്ദമംഗലം |
| പി.എ,സി തുക | 167736.6 രൂ |

ടെണ്ടർ വിളിച്ചാണ് കരാറുകാരനെ തെരഞ്ഞെടുത്തത് . ടെണ്ടർ അംഗീകരിച്ചത് 29.11.2018 തിയ്യതിയിലെ ഭരണ സമിതി തീരുമാനം 274/18(7) നമ്പർ തീരുമാന പ്രകാരമാണ്. എന്നാൽ കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ചിട്ടില്ല. 11.12.2018 തിയ്യതിയിലെ ഓഫീസ് കുറിപ്പ് പ്രകാരം കരാറുകാരന് കത്ത് നല്കാവുന്നതാണെന്ന് ബന്ധപ്പെട്ട സെക്ഷൻ ക്ലർക്ക് കുറിപ്പ് എഴുതുകയും ആയത് 12.12.18 തിയ്യതിയിൽ ഹെഡ് ക്ലാർക്ക് അംഗീകാരം നല്കുകയും ചെയ്തിട്ടുണ്ടെങ്കിലും സെലക്ഷൻ നോട്ടീസ് അയച്ചിട്ടില്ല. 1.2.2012 തിയ്യതിയിലെ ജി.ഒ.(പി) 13/2012/ പി.ഡബ്ള്യു.ഡി പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകമോ firm period ന് അകമോ (ഏതാണ് ആദ്യമെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതുണ്ട്. സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ വെക്കാത്ത പക്ഷം പി.എ.സി.യുടെ 1 ശതമാനം ഈടാക്കേണ്ടതുണ്ട് .

സെലക്ഷൻ നോട്ടീസ് അയക്കേണ്ടതായ പരമാവധി കാലയളവിനുള്ളിൽ അയക്കാഞ്ഞതിനാൽ ഇവിടെ കരാർ വെക്കുന്നതിലും കാലതാമസം വന്നിട്ടുണ്ട്. മേൽ പരാമർശിച്ച സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം 1677 രൂപ പിഴ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ് .

## 1-10 പൂർത്തീകരണം വൈകിയ പൊതുമരാമത്ത് പ്രവൃത്തികളിൽ പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ 2018-19 വർഷത്തിൽ നടപ്പാക്കിയ ചില പൊതുമരാമത്ത് പ്രവൃത്തികളിൽ പൂർത്തീകരണം വൈകിയിട്ടുണ്ടെങ്കിലും നിയമാനുസൃതപിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമനമ്പർ 1 | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ.205/19 |
| പ്രോജക്ട് | മുതുകുറ്റിൽ - വിദ്യാതരംഗിണി റോഡ് |
| ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ച തുക | 2 ലക്ഷം രൂ |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 2 , 24.5.18 , 2 ലക്ഷം രൂ<br>(പേജ് നമ്പർ 1) |
| മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ച തുക | 294131 രൂ |
| ട്രഷറി ബിൽ നമ്പർ, തിയ്യതി, തുക | 1/24.5.18, തുക 222357 രൂ,<br>നമ്പർ ഇല്ല /18.3.19,തുക 71774 രൂ |
| ടി.എസ് നമ്പർ | 80497/17-18 |
| ടി.എസ് പ്രകാരം പൂർത്തീകരണ കാലയളവ് | 7 മാസം |
| എഗ്രിമെന്റ് നമ്പർ, തിയ്യതി | എഇ/20/18 തിയ്യതി 16.1.18 |
| സൈറ്റ് കൈമാറിയ തിയ്യതി | 16.1.18 |
| എം.ബുക്ക് നമ്പർ | 254/17-18 , 228/17-18 |
| പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | 3.10.2018 |
| കരാറുകാരൻ | എസ്.സെൽവരാജ് |
| പി.എ.സി തുക | 543659 രൂ |

| | |
|---|---|
| ഈടാക്കേണ്ട പിഴ<br>(പി.എ.സിയുടെ 1% നിരക്കിൽ) | 5437 രൂ |
| ക്രമനമ്പർ 2 | |
| പ്രോജക്ട് നമ്പർ | 198/19 |
| പ്രോജക്ട് | പി.എച്ച്.സി ചുറ്റുമതിൽ നിർമ്മാണം |
| ചെലവഴിച്ച തുക | 277610 രൂ |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ട്രഷറി ബിൽ നമ്പർ, തിയ്യതി, തുക | നമ്പർ ഇല്ല / 19.3.19 , 277610 രൂ |
| ടി.എസ് നമ്പർ | 37853/17-18 |
| ടി.എസ് പ്രകാരം കാലയളവ് | 6 മാസം |
| എഗ്രിമെന്റ് നമ്പർ, തിയ്യതി | ae/24/18 തിയ്യതി 16.1.18 |
| സൈറ്റ് കൈമാറിയ തിയ്യതി | തിയ്യതി നല്കിയിട്ടില്ല<br>(എഗ്രി. തിയ്യതി തന്നെ കൈമാറിയതായി കണക്കാക്കുന്നു) |
| എം.ബുക്ക് നമ്പർ | 247/17-18 |
| പ്രവൃത്തി പൂർത്തീകരണ തിയ്യതി | 28.9.2018 |
| കരാറുകാരൻ | നിർജാസ്.പി |
| പി.എ.സി തുക | 368671 രൂ |
| ഈടാക്കേണ്ട പിഴ<br>(പി.എ.സി തുകയുടെ 3% നിരക്കിൽ) | 11060 രൂ |

മരാമത്ത് പ്രവൃത്തികൾ വൈകിയിട്ടുണ്ടെങ്കിലും കരാർ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാർ അസി.എഞ്ചിനീയർ മുഖേന അപേക്ഷ നല്കിയിട്ടില്ല. ഇത്തരം കേസുകളിൽ ഈടാക്കേണ്ട 1.2.2012 തിയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112-1 അനുസരിച്ചുള്ള പിഴ ഈടാക്കിയിട്ടില്ല . ക്രമനമ്പർ 1 പ്രവൃത്തിയിൽ 5437 രൂ , ക്രമനമ്പർ 2 പ്രവൃത്തിയിൽ 11060 രൂ എന്നിങ്ങനെ പിഴ , ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-11 എസ്റ്റിമേറ്റ് പുതുക്കിയെങ്കിലും കോസ്റ്റ് ഇൻഡക്സിൽ വന്ന കുറവ് കണക്കിലെടുത്തില്ല – പഞ്ചായത്തിന് നഷ്ടം

01.10.2017 തിയ്യതിയോടെ കോഴിക്കോടിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 42.16 ശതമാനത്തിൽ നിന്നും 37.25 ശതമാനമായി കുറച്ചിട്ടുണ്ട്. ഇക്കാര്യം പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.09.2017 തിയ്യതിയിലെ CE/Admn/PLA/EMP/1014(a)/05 നമ്പർ സർക്കുലർ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തിയിൽ 1.10.2017 തിയ്യതിക്ക് മുൻപാണ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പിന്നീട് പ്രവൃത്തികളിൽ വന്ന മാറ്റത്തിനനുസരിച്ച് 1.10.2017 തിയ്യതിക്കു ശേഷം എസ്റ്റിമേറ്റ് പുതുക്കുകയും സാങ്കേതികാനുമതി വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ അപ്പോഴും ഉയർന്ന കോസ്റ്റ് ഇൻഡക്സ് അനുവദിച്ചു കൊണ്ടാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് . ഇതു കാരണം പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 189/19 |
| പ്രോജക്ട് | കല്ലുവെട്ടു കുഴി - മയിലാട്ടുംപാറ റോഡ് |
| ചെലവഴിച്ച തുക | 382417 രൂ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| ട്രഷറി ബിൽ നമ്പർ ,തിയ്യതി , തുക | 8 (പേജ് നമ്പർ 4) , തിയ്യതി 21.8.18 , 382417 രൂ |
| ടി.എസ് നമ്പർ, തിയ്യതി | 23437 / 2017-18 തിയ്യതി 20.7.17 |
| ടി.എസ് ലഭിച്ച തുക | 4 ലക്ഷം രൂ |
| ടെണ്ടർ തിയ്യതി | 14.12.17 |
| ബാധകമാക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് | DSR 2016 |
| ബാധകമാക്കിയ കോസ്റ്റ് ഇൻഡക്സ് | 42.16 ശതമാനം |
| എഗ്രിമെന്റ് നമ്പർ , തിയ്യതി | എ.ഇ 41/18 തിയ്യതി 1.2.18 |
| കരാറുകാരൻ | ഒ.എം.ശിവദാസൻ |
| എം.ബുക്ക് നമ്പർ | 287/17-18 |
| പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 382417 രൂ |

WMM പ്രവൃത്തികൾ ചേർക്കാൻ വിട്ടുപോയി എന്ന കാരണത്താൽ എസ്റ്റിമേറ്റ് പുതുക്കുകയും ആയത് 27.1.2018 തിയ്യതിയിലെ 17/18(3) നമ്പർ തീരുമാനം പ്രകാരം ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് തുക 4 ലക്ഷം രൂപയിൽ തന്നെ പരിമിതപ്പെടുത്തിയാണ് എസ്റ്റിമേറ്റ് പുതുക്കിയത്. എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നല്കിക്കൊണ്ട് പന്തലായിനി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒപ്പിട്ടിട്ടുണ്ടെങ്കിലും അംഗീകാരത്തിന് നമ്പർ / തിയ്യതി എന്നിവ നല്കിയിട്ടില്ല. പുതുക്കിയ എസ്റ്റിമേറ്റിലും കോസ്റ്റ് ഇൻഡക്സ് 42.16 ശതമാനമായിത്തന്നെ നിലനിർത്തിയിട്ടുണ്ട്. എം.ബുക്ക് പ്രകാരം പൂർത്തീകരിച്ച പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നമ്പർ | പ്രവൃത്തി ഇനം, പ്രവൃത്തിയുടെ കോഡ് | അളവ് | നിരക്ക് | ആകെ തുക |
|---|---|---|---|---|
| 1. | Construction of Sub Grade , 3.14 | 91.04 m3 | 443.37 | 40364.4 |
| 2. | Granular Sub base , 4.11.2 | 31.34 m3 | 2201.93 | 69008.49 |
| 3. | Concrete work , 11.4.3.1 | 11.37 m3 | 8189.36 | 93113.02 |
| 4. | Prime coat , 75.5.1.1.pb | 249.63 m2 | 39.23 | 9792.98 |
| 5. | Tack Coat , 75.5.2.3.pb | 249.63 m2 | 13.45 | 3357.52 |
| 6. | MSS , 75.5.11.1.A.2.pb | 249.63 m2 | 204.74 | 51109.25 |
| 7. | WMM , 4.9 | 37.44 m3 | 3089.51 | 115671.25 |
| | ആകെ | | | 382416.91 |

പ്രവൃത്തിയുടെ ഡാറ്റ പ്രകാരം ഓരോ ഇനത്തിന്റേയും നിരക്കുകൾ നിർണയിച്ചത് താഴെപ്പറയും പ്രകാരമാണ് .

| ക്രമ | പ്രവൃത്തി ഇനത്തിന്റെ കോഡ് | അടിസ്ഥാന നിരക്ക് | C.P | O.H | C.I | ആകെ |
|---|---|---|---|---|---|---|

| നമ്പർ | | | (രൂ) @ 10 % | (രൂ) @ 10 % | (42.16 ശതമാനം നിരക്കിൽ ) (രൂ) | |
|---|---|---|---|---|---|---|
| 1. | 3.14 | 261.51 രൂ /എം3 | 26.15 | 28.76 | 126.94 | 443.37 രൂ/എം3 |
| 2. | 4.11.2 | 1285.01 രൂ / എം3 | 128.5 | 141.35 | 647.07 | 2201.93 രൂ/എം3 |
| 3. | 11.4.3.1 | 4760.88 രൂ/എം3 | 476.08 | 523.69 | 2428.69 | 8189.36 രൂ/എം3 |
| 4. | 75.5.1.1.pb | 32.01 രൂ/എം2 | 3.2 | 3.52 | .49 | 39.23 രൂ/എം2 |
| 5. | 75.5.2.3.pb | 10.75 രൂ/എം2 | 1.07 | 1.18 | .44 | 13.45 രൂ/എം2 |
| 6. | MSS | 140.97 രൂ/എം2 | 14.09 | 15.5 | 34.16 | 204.74 രൂ/എം2 |
| 7. | 4.9 | 1810.78 രൂ/എം3 | 181.07 | 199.18 | 898.46 | 3089.51 രൂ/എം3 |

കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനമായി നിജപ്പെടുത്തിയാലുള്ള നിരക്കുകൾ താഴെപ്പറയുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ കോഡ് | കോസ്റ്റ് ഇൻഡക്സ് (രൂ) (37.25 ശതമാനം നിരക്കിൽ) | ആകെ നിരക്ക് |
|---|---|---|---|
| 1. | 3.14 | 112.16 | 428.58 |
| 2. | 4.11.2 | 571.71 | 2126.57 |
| 3. | 11.4.3.1 | 2145.84 | 7906.49 |
| 4. | 75.5.1.1.pb | .43 | 39.16 |
| 5. | 75.5.2.3.pb | .39 | 13.39 |
| 6. | MSS | 30.18 | 200.74 |
| 7. | 4.9 | 793.82 | 2984.85 |

കോസ്റ്റ് ഇൻഡക്സിൽ വന്ന കുറവ് കണക്കിലെടുക്കാത്തതിനാൽ ഉണ്ടായ അധികച്ചെലവ് താഴെപ്പറയുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ കോഡ് | പ്രവൃത്തിയുടെ അളവ് | അനുവദിച്ച അധികനിരക്ക് (രൂ) | അധികച്ചെലവ് (രൂ) |
|---|---|---|---|---|
| 1 | 3.14 | 91.04 m3 | 443.37 - 428.58 = 14.79 | 1346.48 |
| 2. | 4.11.2 | 31.34 m3 | 2201.93 – 2126.57 = 75.36 | 2361.78 |
| 3. | 11.4.3.1 | 11.37 m3 | 8189.36 - 7906.49 = 282.87 | 3216.23 |
| 4. | 75.5.1.1.pb | 249.63 m2 | 39.23 - 39.16 = .07 | നാമമാത്രമായതിനാൽ ഒഴിവാക്കുന്നു |

| | | | | |
|---|---|---|---|---|
| 5. | 75.5.2.3.pb | 249.63 m2 | 13.45 - 13.39 = .06 | നാമമാത്രമായതിനാൽ ഒഴിവാക്കുന്നു |
| 6. | MSS | 249.63 m2 | 204.74 - 200.74 = 4 | 998.52 |
| 7. | 4.9 | 37.44 m3 | 3089.51 - 2984.85 = 104.66 | 3918.47 |

ആകെ അധികച്ചെലവ് = 11841 രൂ

അധികച്ചെലവ് വന്ന തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

# 1-12 മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു

2018-19 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി, അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക | തീയതി | തുക | ഇനം |
|---|---|---|---|---|
| 1 | ശ്രീ. മനോജ്കുമാർ,<br>സീനിയർ ക്ലാർക്ക് | 12.09.2013 | 2000 | ഫെസ്റ്റിവൽ അഡ്വാൻസ് |
| 2 | ശ്രീ. എം.ബിജു,<br>അക്കൗണ്ടന്റ് | 23.08.2012 | 4000 | ഫെസ്റ്റിവൽ അഡ്വാൻസ് |

മേൽ കാണിച്ചിരിക്കുന്ന മുൻകൂറുകൾ ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 ആയുർവേദ മരുന്നുകൾ ലഭ്യമായില്ല

ആയുർവേദ മെഡിക്കൽ ഓഫീസർ, ചെങ്ങോട്ടുകാവ് നടപ്പിലാക്കിയ പ്രൊജക്ട് നമ്പർ 224/18-19 പ്രകാരം ആയുർവേദ ഡിസ്പൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി 4,00,000 രൂപ ബിൽ നം.1/18-19 പ്രകാരം 16/10/18ന് ഔഷധിക്ക് കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെയായി 3,89,166 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി 10,834 രൂപയുടെ മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 കോസ്റ്റ് ഇൻഡക്സിൽ വന്ന കുറവ് കണക്കിലെടുത്ത് എസ്റ്റിമേറ്റ് പുതുക്കാതെ പ്രോജക്ടുകൾ നടപ്പാക്കി

01.10.2017 തിയ്യതി പ്രാബല്യത്തോടെ കോഴിക്കോടിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 42.16 ശതമാനത്തിൽ നിന്നും 37.25 ശതമാനമായി കുറച്ചിട്ടുണ്ട്. ഇക്കാര്യം പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ 19.09.2017 തിയ്യതിയിലെ CE/Admn/PLA/EMP/1014(a)/05 നമ്പർ സർക്കുലർ പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്. താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ സാങ്കേതികാനുമതി ലഭിച്ചത് 1.10.2017 തിയ്യതിക്ക് മുൻപ് ആണെങ്കിലും ടെണ്ടർ വിളിച്ചത് ടി-തിയ്യതിക്ക് ശേഷമാണ്. പ്രോജക്ടുകളുടെ എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്ത് സാമ്പത്തിക നഷ്ടം ഒഴിവാക്കി പ്രവൃത്തികൾ നടപ്പാക്കാൻ ശ്രമിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| | |
|---|---|
| 1.പ്രോജക്ട് നമ്പർ | 198/19 |
| പ്രോജക്ട് | പി.എച്ച്.സി -ചുറ്റുമതിൽ നിർമ്മാണം |
| ചെലവഴിച്ച തുക | 277610 രൂ |
| ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

| | |
|---|---|
| ട്രഷറി ബിൽ നമ്പർ , തിയ്യതി ,തുക | നമ്പർ ഇല്ല ,പേജ് നമ്പർ 7 , 19.3.19 , 277610 രൂ |
| ടി.എസ് നമ്പർ | 37853 /2017-18 തിയ്യതി 28.7.17 |
| ക്വട്ടേഷൻ തിയ്യതി | 14.12.17 |
| എഗ്രിമെന്റ് തിയ്യതി | 24/18 തിയ്യതി 16.1.2018 |
| എം.ബുക്ക് നമ്പർ | 247/17-18 |
| പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 277610 രൂ |
| കരാറുകാരൻ | നിർജാസ്.പി |
| 2. | |
| പ്രോജക്ട് നമ്പർ | 190/19 |
| പ്രോജക്ട് | മനത്താനത്ത് താഴ – കാലോപ്പൊയിൽ താഴ റോഡ് കോൺക്രീറ്റ് |
| ചെലവഴിച്ച തുക | 132620 രൂ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ് ) |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 17 (പേജ് നമ്പർ 6) /22.3.19 , തുക 132620 രൂ |
| എഗ്രിമെന്റ് നമ്പർ , തിയ്യതി | എ.ഇ 9 /18 തിയ്യതി 4.1.18 |
| ടി.എസ് നമ്പർ , തിയ്യതി | 19995/17-18 തിയ്യതി 18.7.17 |
| ടെണ്ടർ തിയ്യതി | 11.12.17 |
| എം.ബുക്ക് നമ്പർ | 252/17-18 |
| പൂർത്തീകരിച്ച പ്രവൃത്തിമൂല്യം | 132620 രൂ |
| കരാറുകാരൻ | എസ്.ശെൽവരാജ് |
| 3 | |
| പ്രോജക്ട് നമ്പർ | 203/19 |
| പ്രോജക്ട് | പൂഞ്ചോലമുക്ക് - നെല്ല്യാട്ട് മുക്ക് റോഡ് |
| ചെലവഴിച്ച തുക | 286780 രൂ |
| ട്രഷറി ബിൽ നമ്പർ | നമ്പർ ഇല്ല (പേജ് നമ്പർ 7) തിയ്യതി 19.3.19 , 286780 രൂ |
| ടി.എസ് നമ്പർ , തിയ്യതി | 32316 /17-18 തിയ്യതി 25.7.2017 |
| ക്വട്ടേഷൻ തിയ്യതി | 14.12.17 |
| എഗ്രിമെന്റ് തിയ്യതി | എ.ഇ 40/18 തിയ്യതി 1.2.18 |
| എം.ബുക്ക് നമ്പർ | 165/15-16 |
| പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 286780 രൂ |
| കരാറുകാരൻ | ഒ.എം.ശിവദാസൻ |

അപാകത വിശദീകരിക്കേണ്ടതാണ് .

# 1-15 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് അനധികൃത പൊതുമരാമത്ത് പ്രവൃത്തി

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 211/19 |
| പ്രോജക്ട് നമ്പർ | പുലരി വായന ശാല നവീകരണം |
| ചെലവഴിച്ച തുക | 110664 രൂ |
| ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 14 / 16.10.18 (പേജ് നമ്പർ 4 ) , 110664 രൂ |
| ഭരണാനുമതി , തുക | 67/17 തിയ്യതി 11.8.17 തുക 150000 രൂ |
| എം.ബുക്ക് നമ്പർ | 49 / 17-18 |
| പൂർത്തീകരിച്ച പ്രവൃത്തിമൂല്യം | 110664 രൂ |

ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

1. പഞ്ചായത്തിന് സ്വന്തമായി വായനശാലയുള്ളതായി ആസ്തി രജിസ്റ്ററിൽ കാണുന്നില്ല .

2. 2018-19 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ , 29.1.2018 തിയ്യതിയിലെ സ.ഉ.(കൈ)11/2018/ തസ്വഭവ ഖണ്ഡിക 6-6 പ്രകാരം വായനശാലകളുടെ നവീകരണം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നിർവ്വഹിക്കുവാൻ അനുമതി ഇല്ല .

അപാകത വിശദീകരിക്കേണ്ടതാണ് . 110664 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

# 1-16 അനേകം പൊതുമരാമത്ത് പ്രോജക്ടുകൾ നടപ്പായില്ല – വകയിരുത്തിയ തുകകൾ പാഴായി

2018-19 വർഷത്തിൽ തുക വകയിരുത്തിയ ധാരാളം പൊതുമരാമത്ത് പ്രോജക്ടുകൾ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. തൻവർഷം തുക വകയിരുത്തിയ ആകെ പൊതുമരാമത്ത് പ്രോജക്ടുകളുടെ എണ്ണം 120 ആണ്. ഇതിൽ 50 എണ്ണം മാത്രമാണ് നടപ്പിലാക്കുവാൻ കഴിഞ്ഞത്. സ്പിൽ ഓവർ പ്രോജക്ടുകളായി തുക വകയിരുത്തിവയിൽ പോലും 17 എണ്ണം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. വിവിധ ഫണ്ടുകളിൽ തുക വകയിരുത്തിയശേഷം അവ നടപ്പാക്കാഞ്ഞതിനാൽ പാഴായ വകയിരുത്തലുകളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നമ്പർ | ഫണ്ട് | വകയിരുത്തിയതുക (രൂ) | ചെലവഴിച്ച തുക (രൂ) | ചെലവ് ശതമാനം |
|---|---|---|---|---|
| 1. | വികസനഫണ്ട് പൊതുവിഭാഗം | 383198 | 75000 | 19.57 |
| 2. | എസ്.സി.പി | 600500 | 183639 | 30.58 |
| 3. | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7513885 | 2201933 | 29.3 |

| | | | | |
|---|---|---|---|---|
| 4. | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 16695590 | 6779354 | 40.61 |
| 5. | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 3311026 | 1910510 | 57.7 |

ക്രമനമ്പർ 5 ൽ ഒഴികെ ബാക്കി എല്ലാ ഇനത്തിലും 50 ശതമാനത്തിലധികം വകയിരുത്തൽ പാഴായിപ്പോയിട്ടുണ്ട്. വികസനഫണ്ട് പൊതുവിഭാഗം ഫണ്ടിൽ 20 ശതമാനം മാത്രമേ ചെലവുള്ളൂ. പദ്ധതി നിർവ്വണം കാര്യക്ഷമമല്ലാതിരുന്നിട്ടുകൂടി പൊതുമരാമത്ത് വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് ഗ്രൂപ്പിന്റെ മേൽനോട്ടവും ഇടപെടലും ശരിയായ രീതിയിൽ ഉണ്ടായില്ല. 2018-19 വർഷത്തിൽ ആകെ 3 പ്രാവശ്യം മാത്രമാണ് പൊതുമരാമത്ത് വർക്കിങ് ഗ്രൂപ്പ് യോഗം ചേർന്നത് . (7.11.18, 30.11.18, 10.12.18). ഇതിൽത്തന്നെ പ്രോജക്ടുകളുടെ മോണിറ്ററിങ്, പദ്ധതി നിർവ്വഹണത്തിലെ കുറവ് എന്നിവ ചർച്ചാവിഷയമായതായോ, വർക്കിങ് ഗ്രൂപ്പ് സക്രിയമായ ഇടപെടൽ നടത്തിയതായോ കാണുന്നില്ല. പൂർത്തീകരിച്ച പൊതുമരാമത്ത് പ്രോജക്ടുകളിൽ വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് നടത്തി റിപ്പോർട്ട് നല്കുന്നതായി കാണുന്നില്ല. 29.1.2018 തിയ്യതിയിലെ സ.ഉ.(കൈ)11/2018/തസ്വഭവ, ഖണ്ഡിക 11.4, ഖണ്ഡിക 13.1 എന്നിവ പ്രകാരം പ്രോജക്ടുകൾ പൂർത്തീകരിക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥർ പൂർത്തീകരണ സാക്ഷ്യപത്രവും, അതാത് വർക്കിങ് ഗ്രൂപ്പുകൾ മോണിറ്ററിങ് റിപ്പോർട്ടും ലഭ്യമാക്കേണ്ടതുണ്ട്. അപാകത വിശദീകരിക്കേണ്ടതാണ്

# 1-17 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്-ആവശ്യമായ ഫണ്ട് വകയിരുത്തിയില്ല

പദ്ധതി നം. 15 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്-

അടങ്കൽ 800000 ചെലവ് 800000

ഗ്രാമപഞ്ചായത്തിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്-(പ്രൊജക്ട് 09) എന്ന പദ്ധതിയ്ക്കായി വകയിരുത്തിയത് 8,00,000 രൂപയാണ്. പ്രൊജക്ടിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| വകയിരുത്തിയ സ്ഥാപനം | അടങ്കൽ - വകയിരുത്തിയ തുക | ലഭിച്ച വിഹിതം | ചെലവഴിച്ച തുക |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 400,000 | 4,00,000 | 4,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 200,000 | 200,000 | 200,000 |
| ജില്ലാ പഞ്ചായത്ത് | 200,000 | 200,000 | 200,000 |
| ആകെ | 800,000 | 800000 | 800000 |

മേൽ പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട 54പേരിൽ 41 പേർ മാനസിക വെല്ലുവിളികൾ നേരിടുന്നവർ ആണ്. 2018- 19 വാർഷിക പദ്ധതി മാർഗ്ഗരേഖ ജി. ഒ. (എം.എസ്.) നം 22/ 2018. ത. സ്വ. ഭ. വ. 14.2.2018 പ്രകാരം ഇവർക്ക് വാർഷികമായി 28,500 രൂപ എല്ലാ ബത്തകളും ഉൾപ്പെടെ നൽകാവുന്നതാണ്. ഇതിൽ ഉല്ലാസയാത്രാ ചെലവുകൾക്ക് നൽകുന്ന 1000 രൂപ ഉൾപ്പെടുന്നു.

എന്നാൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഓഡിറ്റ് വർഷം പരമാവധി 17000/- രൂപ നിരക്കിൽ മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

സമൂഹത്തിലെ ദുർബലരും അനുകമ്പ അർഹിക്കുന്ന വിഭാഗത്തിൽപ്പെട്ടവരുമായ ഇത്തരം ഗുണഭോക്താക്കൾക്ക് സർക്കാർ അനുവദിച്ച മുഴുവൻ തുകയും നൽകാൻ കഴിയാഞ്ഞത് ആവശ്യമായ തുക വകയിരുത്താത്തത്

കൊണ്ടാണ്.

ഗുണഭോക്താക്കൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള പരമാവധി നിരക്കിൽ തുക അനുവദിക്കാൻ നടപടികൾ കൈക്കൊള്ളാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-18 പി.എച്ച്.സി-മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി, ചെങ്ങോട്ടുകാവ് നടപ്പിലാക്കിയ പ്രൊജക്ട് നമ്പർ 13/18-19 പ്രകാരം പി.എച്ച്.സിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി 1,15,000 രൂപ 25/02/19ന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെയായി 76,413 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.ബാക്കി 38,587 രൂപയുടെ മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ പൊതു അപാകതകൾ

I) നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.സെക്രട്ടറി

എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ

പ്രൊജക്ട് നമ്പർ : 229/19

അടങ്കൽ : 3,00,000 /-

ചെലവ് : 2,98,000 /-

ബിൽ നമ്പർ : 10/18-19 തിയ്യതി 11/03/2019

1) നേരത്തേ ലാപ് ടോപ്പ് ലഭിച്ച വിദ്യാർത്ഥിനിക്കും ഈ പദ്ധതിയിൽ ലാപ് ടോപ്പ് നൽകി

10 ലാപ് ടോപ്പുകൾ എസ്.സി വിദ്യാർത്ഥികൾക്ക് നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.വാർഡ് നമ്പർ 5ലെ അഭിസൂര്യ.എസ്.എസ്, D/O.സോമൻ.ഒ.എം, ഉണ്ണിയപ്പൻകണ്ടി, മേലൂർ പി.ഒ എളാട്ടേരി എന്ന വിദ്യാർത്ഥിയുടെ അപേക്ഷയിൽ ഫീൽഡ് തല പരിശോധനാ റിപ്പോർട്ടിൽ "മുൻപ് ആനുകൂല്യം കൈപ്പറ്റിയ വ്യക്തിയാണ്" എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.(ശിബിലി.ഒ.ടി, ക്ലാർക്ക്). പട്ടികജാതി വികസനവകുപ്പിൽ നിന്നും ജില്ലാപഞ്ചായത്തിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം ഫയലിൽ ഇല്ല.

പട്ടികജാതി വികസന ഓഫീസറുടെ (പന്തലായനി ബ്ലോക്ക്) 27/11/2018ലെ കത്തിൽ അതുല്യ, ഹരിത, ലിജിന, അവാനി ഭാസ്കരൻ, ആകാശ് എന്നീ 5 വിദ്യാർത്ഥികളുടെ സാക്ഷ്യപത്രം മാത്രമാണ് ഫയലിലുള്ളത്.

2) അംഗീകാരം ഇല്ലാത്ത കോഴ്സുകൾക്ക് പഠിക്കുന്നവർക്കും ആനുകൂല്യം നൽകി

സ.ഉ.(എം.എസ്)22/2018 തസ്വഭവ. തീയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം സർക്കാർ/ എയിഡഡ്/സ്വാശ്രയ/സർവകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ആനുകൂല്യത്തിനു അർഹത.

എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ പഠിക്കുന്നതെന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1.ആവണി ഭാസ്കരൻ, D/O ഭാസ്കരൻ, പരപ്പിൽകുനി, ചേലിയ 673306

ആർട്സ് കോളേജ് കൊയിലാണ്ടി എന്ന സ്വകാര്യ സ്ഥാപനത്തിൽ പഠിക്കുന്നതായ രേഖയാണ് ഹാജരാക്കിയിട്ടുള്ളത്.

2.ആര്യ മനോജ്.കെ.കെ, കോവൂർ കുന്നമ്മൽ, എടക്കുളം, പൊയിൽകാവ്

പി.വി.എസ് നഴ്സിംഗ് സ്കൂൾ & എജ്യുക്കേഷൻ ട്രസ്റ്റ്, കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ അഫിയിലേഷൻ സംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല.

3) <u>ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല</u>

സ.ഉ. (പി)119/2015 ഫിൻ തീ-21.03.2015 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ TR-7A ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുമുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തേണ്ടതാണ്.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (2/18-19 23.10.2019) മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

# 1-20 സമ്പൂർണ്ണ പാർപ്പിടം - ലൈഫ് മിഷൻ പദ്ധതിയിൽ വി.ഇ.ഒ. നടപ്പിലാക്കിയ പദ്ധതികൾ

എല്ലാവർക്കും സുരക്ഷിത ഭവനം എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ മുൻവർഷങ്ങളിൽ ആരംഭിച്ചതും എന്നാൽ സാമ്പത്തിക പരാധീനതകൾ ഉൾപ്പെടെയുള്ള പല കാരണങ്ങളാലും നിർമ്മാണം മുടങ്ങിയ പണി തീരാത്ത വീടുകളുടെ പൂർത്തീകരണമാണ് ലക്ഷ്യമിട്ടത്.

ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ മേൽപ്പറഞ്ഞ രണ്ടു വിഭാഗങ്ങളിലാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ പറയുന്നു.

1. <u>ലൈഫ് മിഷൻ ഭവന നിർമ്മാണം – (പൂർത്തീകരണം) ഒന്നാം ഘട്ടം</u>

പഞ്ചായത്തിൽ 12 വീടുകളും ബ്ലോക്ക് തലത്തിൽ 22 വീടുകളുമാണ് പൂർത്തിയാക്കാനുണ്ടായിരുന്നത്. മുമ്പ് ധനസഹായം ലഭിച്ചതും വീട് പൂർത്തിയാക്കാത്തതുമായ ഗുണഭോക്താക്കളെ ലക്ഷ്യമാക്കി ആവിഷ്കരിച്ച പദ്ധതിയിൽ മുഴുവൻ വീടുകളും പൂർത്തിയാക്കി.

ചെലവഴിച്ച തുക

പ്രൊജക്ട് നമ്പർ

234/19 S O ജനറൽ 236000

220/19 S O എസ് സി 6000

ആകെ 242000

2. <u>ലൈഫ് മിഷൻഭവന നിർമ്മാണം രണ്ടാം ഘട്ടം (പുതിയ വീടുകൾ)</u>

പ്രൊജക്ട് നമ്പർ 153/19

പൊതുവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനു വേണ്ടി ആവിഷ്കരിച്ച പദ്ധതിയിൽ പൊതുവിഭാഗം സാധാരണ വിഹിതമായി 27,54,000/-രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 8,80,249/-

രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 6,15,000/- രൂപയും വായ്പയും മറ്റുമായി 19350751/- രൂപയും ചേർത്ത് 236,00,000/- രൂപയാണ് അടങ്കൽ.

ആകെ ഗുണഭോക്താക്കൾ -53 (ജനറൽ 52, എസ് സി -1)

ചെലവഴിച്ച തുക 27,54,000+ 8,80,249+ 6,15,000+8080000= 1,23,29,249

3. പ്രൊജക്ട് നമ്പർ 145/19 S O

ലൈഫ് പദ്ധതിയിൽ ഭൂരഹിതനായ ഗുണഭോക്താവിന് (എസ് സി ) ഭൂമി വാങ്ങുന്നതിന് 375000/-രൂപയുടെ ധന സഹായവും നൽകി.

4. പ്രൊജക്ട് നമ്പർ 219/19 SO

സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ എസ് സി പി 350000/- രൂപയും തനതു ഫണ്ട് 10000/-രൂപയും ചേർത്ത് 360000/- രൂപ ചെലവഴിച്ചു

രണ്ട് വി ഇ ഒ മാരും വളരെ നല്ല രീതിയിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. രേഖകളുടെ സൂക്ഷിപ്പ് കൃത്യവും മാതൃകാപരവുമാണ്.

1. ലൈഫ് ഭവനപദ്ധതി - ജനറൽ - പുതിയ വീടുകൾ

പ്രൊജക്ട് നമ്പർ 3/19

പൊതുവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനു വേണ്ടി ആവിഷ്കരിച്ച പദ്ധതിയിൽ പൊതുവിഭാഗം സാധാരണ വിഹിതമായി 47,00,000/-രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 23,36,045/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 780,000/- രൂപയും വായ്പയും മറ്റുമായി 4,65,03,955/- രൂപയും ചേർത്ത് 5,43,20,000/- രൂപയാണ് അടങ്കൽ.

ഇതിൽ സാധാരണവിഹിതത്തിൽ 46,90,000/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 780,000/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 23,30,000 ഹഡ്കോ വായ്പ 161,97,000/- രൂപയും അടക്കം 2,39,97,000/- ചെലവഴിച്ചു.

ആകെ 115 പേർ കരാർ വെയ്ക്കുകയും 69 പേർ വീട് നിർമ്മാണം പൂർത്തിയാക്കുകയും 24 പേർ മേൽക്കൂരയും,20 പേർ ചുമർ വരെയും പൂർത്തിയാക്കിയിട്ടുണ്ട്. 2 പേർ തറ നിർമ്മാണ ഘട്ടത്തിലാണ്.

2. ആശ്രയ ഭവനം - മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ

പ്രൊജക്ട് നമ്പർ 5/19

പൊതുവിഭാഗം സാധാരണ വിഹിതമായി 1,00,000/-രൂപയാണ് അടങ്കൽ. പദ്ധതി പ്രകാരം മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിച്ച ഒരു ഗുണഭോക്താവിനു 50,000/-രൂപ അനുവദിച്ചു. മറ്റു ഗുണഭോക്താക്കൾ മേൽക്കൂര മാറ്റാൻ തയ്യാറായില്ല.

3. P M A Y പഞ്ചായത്ത് വിഹിതം (ജനറൽ)

പ്രൊജക്ട് നമ്പർ 7/19

പൊതുവിഭാഗം സാധാരണ വിഹിതമായി 1,00,000/-രൂപയാണ് അടങ്കൽ. 1,00,000 രൂപ ബ്ലോക്ക് പഞ്ചായത്തിന് നൽകി. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

4. <u>ലൈഫ് ഭവനം - എസ്.സി. പുതിയ വീടുകൾ -</u>

പ്രൊജക്ട് നമ്പർ 50/19

എസ്.സി.പി. 20,00,000/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 3,42,068/- രൂപയും ചേർത്ത് 23,42,068/- രൂപയാണ് അടങ്കൽ. ഇതിൽ എസ്.സി.പി.യിലെ 1060000/- രൂപ ചെലവഴിച്ചു. ആകെ 5 പേർ കരാർ വെയ്ക്കുകയും 2 പേർ വീട് നിർമ്മാണം പൂർത്തിയാക്കുകയും 2 പേർ മേൽക്കൂരയും, ഒരാൾ ചുമർ വരെയും പൂർത്തിയാക്കിയിട്ടുണ്ട്.

# 1-21 ഹരിതകേരളം ശുചിത്വ-മാലിന്യ സംസ്കരണം മേഖലയിൽ വി.ഇ.ഒ. നടപ്പിലാക്കിയ പദ്ധതികൾ

ഈ വിഭാഗത്തിൽ ആവിഷ്കരിച്ച 4 പദ്ധതികളും 2018-19 വർഷം നടപ്പിലാക്കി. വിശദാംശങ്ങൾ താഴെ പറയുന്നു.

ഗാർഹിക ബയോഗ്യാസ് പ്ലാന്റും റിങ് കമ്പോസ്റ്റിംഗ് യൂനിറ്റും സ്ഥാപിച്ചിട്ടുണ്ട്. 318 പൈപ്പ് കമ്പോസ്റ്റും 53 ബയോഗ്യാസ് യൂനിറ്റുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ODF പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിൽ 120 ശൗചാലയങ്ങൾ നിർമിക്കാൻ ധന സഹായം അനുവദിച്ചിട്ടുണ്ട്. 23 വനിതകളുടെ ഹരിത കർമ്മ സേന വീടുകളിൽ നിന്നു ഖരമാലിന്യങ്ങൾ ശേഖരിക്കുകയും അവ വേർതിരിച്ച് ഗ്രീൻ വേംസ് എന്ന ഏജൻസിയ്ക്ക് കൈമാറുകയും ചെയ്യുന്നു,

<u>1. ജൈവ മാലിന്യ സംസ്കരണം- ഗാർഹിക ബയോഗ്യാസ് പ്ലാന്റ് & റിങ് കമ്പോസ്റ്റിംഗ് 223/19</u>

പദ്ധതിയിൽ ധന കാര്യകമ്മീഷൻ അവാർഡ്- 25489/-രൂപയും ഗുണഭോക്തൃവിഹിതമായ 106490/-രൂപയും ചേർത്ത് 131979 രൂപ ചെലവഴിച്ചു.

2. <u>അജൈവ മാലിന്യ സംസ്കരണം (169/19), (222/19)</u>

ഹരിത കർമ്മ സേനാംഗങ്ങൾക്ക് viability gap fund ഇനത്തിൽ 26400/-(ധന കാര്യകമ്മീഷൻ അവാർഡ്) രൂപയും പൊതുവിഭാഗം സാധാരണ വിഹിതമായി 3860/- രൂപയും ചേർത്ത് 30260 രൂപ ചെലവഴിച്ചു.

<u>3. ജൈവ മാലിന്യ സംസ്കരണം (163 /19)</u>

2017-18 വർഷത്തെ ഗുണഭോക്തൃവിഹിതം പ്ലാൻ ഫണ്ടിൽ നിന്നും നൽകിയത് തിരിച്ചടച്ചു 160541/-രൂപ

## <u>ഭാഗം -2</u>
## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>
### [<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]

ഇല്ല

## <u>ഭാഗം -3</u>
## <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ്</u>

# നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 പൂർത്തീകരണം വൈകിയ പൊതുമരാമത്ത് പ്രവൃത്തികളിൽ പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ 2018-19 വർഷത്തിൽ നടപ്പാക്കിയ ചില പൊതുമരാമത്ത് പ്രവൃത്തികളിൽ പൂർത്തീകരണം വൈകിയിട്ടുണ്ടെങ്കിലും നിയമാനുസൃതപിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെചേർക്കുന്നു .

| | |
|---|---|
| ക്രമനമ്പർ 1 | |
| പ്രോജക്ട് നമ്പർ | എസ്.ഒ.205/19 |
| പ്രോജക്ട് | മുതുകുറ്റിൽ - വിദ്യാതരംഗിണി റോഡ് |
| ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ച തുക | 2 ലക്ഷം രൂ |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 2 , 24.5.18 , 2 ലക്ഷം രൂ<br>(പേജ് നമ്പർ 1) |
| മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ച തുക | 294131 രൂ |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 1/24.5.18, തുക 222357 രൂ,<br>നമ്പർ ഇല്ല /18.3.19,തുക 71774 രൂ |
| ടി.എസ് നമ്പർ | 80497/17-18 |
| ടി.എസ് പ്രകാരം പൂർത്തീകരണ കാലയളവ് | 7 മാസം |
| എഗ്രിമെന്റ് നമ്പർ ,തിയ്യതി | എഇ/20/18 തിയ്യതി 16.1.18 |
| സൈറ്റ് കൈമാറിയ തിയ്യതി | 16.1.18 |
| എം.ബുക്ക് നമ്പർ | 254/17-18 , 228/17-18 |
| പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | 3.10.2018 |
| കരാറുകാരൻ | എസ്.സെൽവരാജ് |
| പി.എ.സി തുക | 543659 രൂ |
| ഈടാക്കേണ്ട പിഴ (പി.എ.സിയുടെ 1% നിരക്കിൽ) | 5437 രൂ |
| ക്രമനമ്പർ 2 | |
| പ്രോജക്ട് നമ്പർ | 198/19 |
| പ്രോജക്ട് | പി.എച്ച്.സി ചുറ്റുമതിൽ നിർമ്മാണം |
| ചെലവഴിച്ച തുക | 277610 രൂ |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |

| | |
|---|---|
| ട്രഷറി ബിൽ നമ്പർ ,തിയ്യതി,തുക | നമ്പർ ഇല്ല / 19.3.19 , 277610 രൂ |
| ടി.എസ് നമ്പർ | 37853/17-18 |
| ടി.എസ് പ്രകാരം കാലയളവ് | 6 മാസം |
| എഗ്രിമെന്റ് നമ്പർ ,തിയ്യതി | ae/24/18 തിയ്യതി 16.1.18 |
| സൈറ്റ് കൈമാറിയ തിയ്യതി | തിയ്യതി നല്കിയിട്ടില്ല (എഗ്രി.തിയ്യതി തന്നെ കൈമാറിയതായി കണക്കാക്കുന്നു) |
| എം.ബുക്ക് നമ്പർ | 247/17-18 |
| പ്രവൃത്തി പൂർത്തീകരണ തിയ്യതി | 28.9.2018 |
| കരാറുകാരൻ | നിർജാസ്.പി |
| പി.എ.സി തുക | 368671 രൂ |
| ഈടാക്കേണ്ട പിഴ (പി.എ.സി തുകയുടെ 3% നിരക്കിൽ) | 11060 രൂ |

മരാമത്ത് പ്രവൃത്തികൾ വൈകിയിട്ടുണ്ടെങ്കിലും കരാർ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാർ അസി.എഞ്ചിനീയർ മുഖേന അപേക്ഷ നല്കിയിട്ടില്ല. ഇത്തരം കേസുകളിൽ ഈടാക്കേണ്ട 1.2.2012 തിയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112-1 അനുസരിച്ചുള്ള പിഴ ഈടാക്കിയിട്ടില്ല . ക്രമനമ്പർ 1 പ്രവൃത്തിയിൽ 5437 രൂ, ക്രമനമ്പർ 2 പ്രവൃത്തിയിൽ 11060 രൂ എന്നിങ്ങനെ പിഴ, (ആകെ 16947 രൂപ) ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-2 എസ്റ്റിമേറ്റ് പുതുക്കിയെങ്കിലും കോസ്റ്റ് ഇൻഡക്സിൽ വന്ന കുറവ് കണക്കിലെടുത്തില്ല – പഞ്ചായത്തിന് നഷ്ടം

01.10.2017 തിയ്യതിയോടെ കോഴിക്കോടിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 42.16 ശതമാനത്തിൽ നിന്നും 37.25 ശതമാനമായി കുറച്ചിട്ടുണ്ട് . ഇക്കാര്യം പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.09.2017 തിയ്യതിയിലെ CE/Admn/PLA/EMP/1014(a)/05 നമ്പർ സർക്കുലർ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തിയിൽ 1.10.2017 തിയ്യതിക്ക് മുൻപാണ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പിന്നീട് പ്രവൃത്തികളിൽ വന്ന മാറ്റത്തിനനുസരിച്ച് 1.10.2017 തിയ്യതിക്കു ശേഷം എസ്റ്റിമേറ്റ് പുതുക്കുകയും സാങ്കേതികാനുമതി വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ അപ്പോഴും ഉയർന്ന കോസ്റ്റ് ഇൻഡക്സ് അനുവദിച്ചു കൊണ്ടാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഇതു കാരണം പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട് . വിശദാംശങ്ങൾ താഴെപ്പറയുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 189/19 |
| പ്രോജക്ട് | കല്ലുവെട്ടു കുഴി - മയിലാട്ടുംപാറ റോഡ് |
| ചെലവഴിച്ച തുക | 382417 രൂ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| ട്രഷറി ബിൽ നമ്പർ ,തിയ്യതി , തുക | 8 (പേജ് നമ്പർ 4) , തിയ്യതി 21.8.18 , 382417 രൂ |
| ടി.എസ് നമ്പർ , തിയ്യതി | 23437 / 2017-18 തിയ്യതി 20.7.17 |
| ടി.എസ് ലഭിച്ച തുക | 4 ലക്ഷം രൂ |
| | |

| | |
|---|---|
| ടെണ്ടർ തിയ്യതി | 14.12.17 |
| ബാധകമാക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് | DSR 2016 |
| ബാധകമാക്കിയ കോസ്റ്റ് ഇൻഡക്സ് | 42.16 ശതമാനം |
| എഗ്രിമെന്റ് നമ്പർ , തിയ്യതി | എ.ഇ 41/18 തിയ്യതി 1.2.18 |
| കരാറുകാരൻ | ഒ.എം.ശിവദാസൻ |
| എം.ബുക്ക് നമ്പർ | 287/17-18 |
| പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 382417 രു |

WMM പ്രവൃത്തികൾ ചേർക്കാൻ വിട്ടുപോയി എന്ന കാരണത്താൽ എസ്റ്റിമേറ്റ് പുതുക്കുകയും ആയത് 27.1.2018 തിയ്യതിയിലെ 17/18(3) നമ്പർ തീരുമാനം പ്രകാരം ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് തുക 4 ലക്ഷം രൂപയിൽ തന്നെ പരിമിതപ്പെടുത്തിയാണ് എസ്റ്റിമേറ്റ് പുതുക്കിയത്. എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നല്കിക്കൊണ്ട് പന്തലായിനി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒപ്പിട്ടിട്ടുണ്ടെങ്കിലും അംഗീകാരത്തിന് നമ്പർ / തിയ്യതി എന്നിവ നല്കിയിട്ടില്ല. പുതുക്കിയ എസ്റ്റിമേറ്റിലും കോസ്റ്റ് ഇൻഡക്സ് 42.16 ശതമാനമായിത്തന്നെ നിലനിർത്തിയിട്ടുണ്ട്. എം.ബുക്ക് പ്രകാരം പൂർത്തീകരിച്ച പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നമ്പർ | പ്രവൃത്തി ഇനം , പ്രവൃത്തിയുടെ കോഡ് | അളവ് | നിരക്ക് | ആകെ തുക |
|---|---|---|---|---|
| 1. | Construction of Sub Grade , 3.14 | 91.04 m3 | 443.37 | 40364.4 |
| 2. | Granular Sub base , 4.11.2 | 31.34 m3 | 2201.93 | 69008.49 |
| 3. | Concrete work , 11.4.3.1 | 11.37 m3 | 8189.36 | 93113.02 |
| 4. | Prime coat , 75.5.1.1.pb | 249.63 m2 | 39.23 | 9792.98 |
| 5. | Tack Coat , 75.5.2.3.pb | 249.63 m2 | 13.45 | 3357.52 |
| 6. | MSS , 75.5.11.1.A.2.pb | 249.63 m2 | 204.74 | 51109.25 |
| 7. | WMM , 4.9 | 37.44 m3 | 3089.51 | 115671.25 |
| | ആകെ | | | 382417.00 |

പ്രവൃത്തിയുടെ ഡാറ്റ പ്രകാരം ഓരോ ഇനത്തിന്റേയും നിരക്കുകൾ നിർണയിച്ചത് താഴെപ്പറയും പ്രകാരമാണ് .

| ക്രമ നമ്പർ | പ്രവൃത്തി ഇനത്തിന്റെ കോഡ് | അടിസ്ഥാന നിരക്ക് | C.P (രു) @ 10 % | O.H (രു) @ 10 % | C.I (42.16 ശതമാനം നിരക്കിൽ ) (രു) | ആകെ |
|---|---|---|---|---|---|---|
| 1. | 3.14 | 261.51 രു /എം3 | 26.15 | 28.76 | 126.94 | 443.37 രു/എം3 |
| 2. | 4.11.2 | 1285.01 രു / എം3 | 128.5 | 141.35 | 647.07 | 2201.93 രു/എം3 |
| 3. | 11.4.3.1 | 4760.88 രു/എം3 | 476.08 | 523.69 | 2428.69 | 8189.36 രു/എം3 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 4. | 75.5.1.1.pb | 32.01 രൂ/എം2 | 3.2 | 3.52 | .49 | 39.23 രൂ/എം2 |
| 5. | 75.5.2.3.pb | 10.75 രൂ/എം2 | 1.07 | 1.18 | .44 | 13.45 രൂ/എം2 |
| 6. | MSS | 140.97 രൂ/എം2 | 14.09 | 15.5 | 34.16 | 204.74 രൂ/എം2 |
| 7. | 4.9 | 1810.78 രൂ/എം3 | 181.07 | 199.18 | 898.46 | 3089.51 രൂ/എം3 |

കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനമായി നിജപ്പെടുത്തിയാലുള്ള നിരക്കുകൾ താഴെപ്പറയുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ കോഡ് | കോസ്റ്റ് ഇൻഡക്സ് (രൂ) (37.25 ശതമാനം നിരക്കിൽ) | ആകെ നിരക്ക് |
|---|---|---|---|
| 1. | 3.14 | 112.16 | 428.58 |
| 2. | 4.11.2 | 571.71 | 2126.57 |
| 3. | 11.4.3.1 | 2145.84 | 7906.49 |
| 4. | 75.5.1.1.pb | .43 | 39.16 |
| 5. | 75.5.2.3.pb | .39 | 13.39 |
| 6. | MSS | 30.18 | 200.74 |
| 7. | 4.9 | 793.82 | 2984.85 |

കോസ്റ്റ് ഇൻഡക്സിൽ വന്ന കുറവ് കണക്കിലെടുക്കാത്തതിനാൽ ഉണ്ടായ അധികച്ചെലവ് താഴെപ്പറയുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ കോഡ് | പ്രവൃത്തിയുടെ അളവ് | അനുവദിച്ച അധികനിരക്ക് (രൂ) | അധികച്ചെലവ് (രൂ) |
|---|---|---|---|---|
| 1 | 3.14 | 91.04 m3 | 443.37 - 428.58 = 14.79 | 1346.48 |
| 2. | 4.11.2 | 31.34 m3 | 2201.93 – 2126.57 = 75.36 | 2361.78 |
| 3. | 11.4.3.1 | 11.37 m3 | 8189.36 - 7906.49 = 282.87 | 3216.23 |
| 4. | 75.5.1.1.pb | 249.63 m2 | 39.23 - 39.16 = .07 | നാമമാത്രമായതിനാൽ ഒഴിവാക്കുന്നു |
| 5. | 75.5.2.3.pb | 249.63 m2 | 13.45 - 13.39 = .06 | നാമമാത്രമായതിനാൽ ഒഴിവാക്കുന്നു |
| 6. | MSS | 249.63 m2 | 204.74 - 200.74 = 4 | 998.52 |
| 7. | 4.9 | 37.44 m3 | 3089.51 - 2984.85 = 104.66 | 3918.47 |

ആകെ അധികച്ചെലവ് = 11841 രൂ

അധികച്ചെലവ് വന്ന തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 ഇ.എം.എസ് ഹാൾ വൈദ്യുതീകരണം - പൊതുമരാമത്ത് മാനവൽ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിന്റെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 32/19 |
| പ്രോജക്ട് | ഇ.എം.എസ് ഹാൾ വൈദ്യുതീകരണം |
| ചെലവഴിച്ച തുക | 157259 രൂ |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഭാഗം |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 27 , 21.3.19 , 157259 രൂ |
| എഗ്രിമെന്റ് നമ്പർ , തിയ്യതി | 11/18-19 , തിയ്യതി 28.12.18 |
| കരാറുകാരൻ | കെ.ജയപ്രകാശൻ , കീഴ്പ്പടത്തിൽ , കുന്ദമംഗലം |
| പി.എ,സി തുക | 167736.6 രൂ |

ടെണ്ടർ വിളിച്ചാണ് കരാറുകാരനെ തെരഞ്ഞെടുത്തത്. ടെണ്ടർ അംഗീകരിച്ചത് 29.11.2018 തിയ്യതിയിലെ ഭരണ സമിതി തീരുമാനം 274/18(7) നമ്പർ തീരുമാനപ്രകാരമാണ്. എന്നാൽ കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ചിട്ടില്ല. 11.12.2018 തിയ്യതിയിലെ ഓഫീസ് കുറിപ്പ് പ്രകാരം കരാറുകാരന് കത്ത് നല്കാവുന്നതാണെന്ന് ബന്ധപ്പെട്ട സെക്ഷൻ ക്ലർക്ക് കുറിപ്പ് എഴുതുകയും ആയതിന് 12.12.18 തിയ്യതിയിൽ ഹെഡ് ക്ലാർക്ക് അംഗീകാരം നല്കുകയും ചെയ്തിട്ടുണ്ടെങ്കിലും സെലക്ഷൻ നോട്ടീസ് അയച്ചിട്ടില്ല. 1.2.2012 തിയ്യതിയിലെ ജി.ഒ.(പി) 13/2012/ പി.ഡബ്ള്യൂ.ഡി പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകമോ firm period ന് അകമോ (ഏതാണ് ആദ്യമെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതുണ്ട്. സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ വെക്കാത്ത പക്ഷം പി.എ.സിയുടെ 1 ശതമാനം ഈടാക്കേണ്ടതുണ്ട് .

സെലക്ഷൻ നോട്ടീസ് അയക്കേണ്ടതായ പരമാവധി കാലയളവിനുള്ളിൽ അയക്കാഞ്ഞതിനാൽ ഇവിടെ കരാർ വെക്കുന്നതിലും കാലതാമസം വന്നിട്ടുണ്ട്. മേൽ പരാമർശിച്ച സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം 1677 രൂ പിഴ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ് .

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19.07.2019 – 20.07.2019 | കെ.എസ്.എ.കെ.കെ.ഡി/ഇ2/887/2019(12) തീയതി- 27.07.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1,50,000 | നെൽകൃഷി കൂലിചെലവ് സബ്സിഡി | 1,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,00,000 | പാലിയേറ്റീവ് പരിചരണവും വൈദ്യസഹായവും | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,00,000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 5,00,000 | പരപ്പിൽ കോളനി കുടിവെള്ള പദ്ധതി | 0 | 5,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 4,00,000 | പൊയിൽക്കാവ് ബീച്ച് കുടിവെള്ള വിതരണ പദ്ധതിക്കായ് കിണർ നിർമ്മാണം | 3,03,101 | 96,899 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 8,00,000 | കൊണ്ടംവള്ളി വി.സി.ബി നിർമ്മാണവും അനുബന്ധപ്രവർത്തനങ്ങളും | 5,39,777 | 2,60,223 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 6,15,000 | ലൈഫ് ഭവനപദ്ധതി | 6,15,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1,80,000 | നെൽകൃഷി കൂലിചെലവ് സബ്സിഡി | 1,80,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2,00,000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 8,80,249 | ലൈഫ് ഭവനപദ്ധതി | 8,80,249 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1,25,000 | മുട്ടഗ്രാമം-വനിത | 1,25,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1,00,000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/തിയ്യതി | | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ. (എം എസ്) നം 533/2010 ത.സ്വ ഭ വ തിയതി 18-02-2010 | 32,06,329 | 32,06,329 | 14,91,000 | 40,000 | 17,15,329 |
| ലൈഫ് ഭവന പദ്ധതി | സ.ഉ. (എം എസ്) നം 111/2018 ത.സ്വ ഭ വ തിയതി 13-08-2018 | 80,80,000 | 80,80,000 | 0 | 0 | 80,80,000 |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1521036 |
| തൻവർഷം നിക്ഷേപിച്ച തുക | 121971 |
| ആകെ | 1643007 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1643007 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | മേലൂർ സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 01.10.2018 | 6 മാസം | 16,43,007 |
| ആകെ | | | | 16,43,007 |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | | 2003-04 | മറ്റ് പരാമർശം 11.14 | തെക്കേപ്പുറത്ത് റോഡ് പ്രവൃത്തി | തടസ്സം തുടരുന്നു |
| 2000-01 | | 2004-05 | പൊതുപരാമർശം 11.1..3.8 | നികുതിപിരിവിൽ അലംഭാവം | തടസ്സം തുടരുന്നു |
| 2001-02 | | 2004-05 | 11.1.5.6 | വനിത ഗ്രൂപ്പ് പച്ചക്കറികൃഷി | തടസ്സം തുടരുന്നു |
| | | 2011-12 | 3.3.6 | അങ്കണവാടികളുടെ ഭൌതിക സാഹചര്യം | തടസ്സം തുടരുന്നു |
| | | 2011-12 | 3.3.13 | അങ്കണവാടികളുടെ ഭൌതിക സാഹചര്യം | തടസ്സം തുടരുന്നു |
| | | 2013-14 | 6.1.2 | പെർഫോമൻസ് ഗ്രാന്റ് വിനിയോഗം | തടസ്സം തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |
| 2015-16 | 2-7,2-8 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2005-06 | 3-5<br>3-8 (1)<br>3-8 (2) | | LF17065/ സ്പെ.സെൽ/ എസ്.സി.5എ/09 തീ.30.10.2009 | 845746055531 | | | | | | 845746055531 | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,28,54,335 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,72,10,641 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 30,015 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,10,664 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 16,497 | ശ്രീമതി. ദീപ.ടി.എ, അസി.എഞ്ചിനീയർ<br>ശ്രീ. മുരളീധരൻ.ഒ, അസി.എഞ്ചിനീയർ |
| 3-2 | | 11,841 | ശ്രീ. മുരളീധരൻ.ഒ, അസി.എഞ്ചിനീയർ |
| 3-3 | | 1,677 | ശ്രീ. സുമേഷ്.കെ, സെക്രട്ടറി |
| | ആകെ | 30,015 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 1,10,664 | ശ്രീ. മുരളീധരൻ.ഒ, അസി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുമേഷ്.കെ, സെക്രട്ടറി | സെക്രട്ടറി,<br>കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് | സദ്മശ്രീ, പൊക്കന്ന്,<br>ഗുരുവായൂരപ്പൻ കോളേജ്(പി.ഒ), കോഴിക്കോട് |
| ശ്രീമതി. ദീപ.ടി.എ,<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ,<br>മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് | കൃഷ്ണാഞ്ജന ഹൗസ്, കീപ്പാച്ചേരിതാഴെ,<br>എടക്കുളം (പി.ഒ) |
| ശ്രീ. മുരളീധരൻ.ഒ,<br>അസി.എഞ്ചിനീയർ | അസി. എഞ്ചിനീയർ,<br>പന്തലായനി ബ്ലോക്ക്പഞ്ചായത്ത് | നന്ദനം, തോട്ടത്തിൽ, മേലൂർ(പി.ഒ)<br>കൊയിലാണ്ടി |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-2000 | കെ.എസ്.എ.കെ.കെ.ഡി/പി 13/867/2019(1) തിയ്യതി-02.09.2019 | 10 | 22, 33എ, 32, 33, 34, 35(1),(2), 37, 38, 42, 48 |
| 2000-01 (ഡി.സി.ബി) | കെ.എസ്.എ.കെ.കെ.ഡി/പി 13/867/2019(1) തിയ്യതി-02.09.2019 | 9 | 7,8,9,10,11,12, 13,14,15 |
| 2001-02 (പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി/പി 13/867/2019(1) തിയ്യതി-02.09.2019 | 1 | 8 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി/പി 13/867/2019(1) തിയ്യതി-02.09.2019 | 3 | 3-2, 3-5, 3-12 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി/പി 13/867/2019(1) തിയ്യതി-02.09.2019 | 4 | 2-1, 3-3, 3-6, 3-8 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി6/ 744/2009<br>തിയ്യതി.06/08/2009 | 16 | 2-2(1),2-2(2),3-1, 3-2,3-3,3-4,3-6, 3-6(1),3-6(2),3-7, 3-8,3-9,3-10,3-11, 3-12,3-13 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി6/ 877/2009 | 4 | 1ഡി,3-3,3-4(എ), |

| | | | |
|---|---|---|---|
| | തിയ്യതി.21/05/2010 | | 3-6 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി4/ 236/2011 തിയ്യതി.14/07/2011 | 9 | 2-1(എ)<br>2-4(1,2),2-4(4),<br>2-5,3-1,3-2,3-3,<br>3-5,3-7 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി4/ 813/2011 തിയ്യതി21.07.2011 | 18 | 2-4,2-5,<br>2-7(എ മുതൽഎഫ് വരെ),<br>2-8 മുതൽ 2-11വരെ,<br>3-1 മുതൽ 3-5 വരെ,<br>3-7 മുതൽ 3-11 വരെ,<br>3-13 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി13/ 92/2013 തിയ്യതി.11/02/2013 | 12 | 2-1,2-2,3-2,3-3,<br>3-4,3-5,3-6,3-7,<br>3-8,3-9,3-10,3-11 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/പി13/ 93/2013 തിയ്യതി.29/01/2013 | 12 | 3-1,3-2,3-3,<br>3-4,3-5,3-6,3-7,<br>3-8,3-9,3-10,3-11, 3-13 |
| 2011-12&<br>2012-13 | എൽ.എഫ്.കെ.കെ.ഡി/പി13/ 1587/2014 തിയ്യതി-29.10.2014 | 5 | 3-3,3-6,3-7,3-9,<br>3-10 |
| 2013-14&<br>2014-15 | കെ.എസ്.എ.കെ.കെ.ഡി/പി13/ 744/2016 തിയ്യതി.6.09.2016 | 35 | 1-8,2-1 മുതൽ 2-5 വരെ,<br>3-1 മുതൽ 3-20വരെ,<br>3-23 മുതൽ 3-29 വരെ,<br>3-31,4-1 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി13/ 620/2017 തിയ്യതി.19.06.2017 | 18 | 2-1,2-2, 2-3,2-7,2-9,<br>3-2,3-3,3-4,3-5,<br>3-7,3-9,3-10,<br>3-11,3-12,3-13,<br>3-14,3-16,3-18 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി13/ 2360/17 തീയതി-18.12.17 | 18 | 2-4,2-6,<br>2-7,3-3,3-4,3-5,<br>3-7,3-8(1,2,3,4,<br>5,7),3-8(8),<br>3-9(2),<br>3-9(4),<br>3-11(2),4-8 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി13/ 959/19 തീയതി-02.09.19 | 10 | 2-2, 2-3, 2-4,2-6, 3-1,<br>3-7,3-8,3-12, 3-15, 4-10 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# <u>അനുബന്ധം</u>

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം:കെ.എസ്.എ.കെ.കെ.ഡി.പി.8/1871/2019 തിയ്യതി: 18.11.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.